**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **04.02.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 541**

**നിക്ഷേപകരെയും സംരംഭകരെയും പ്രോൽസാഹിപ്പിക്കുന്നതിന് നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | നിക്ഷേപകരെയും സംരംഭകരെയും ആകർഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദ വിവരങ്ങൾ നല്കാമോ; | (എ) | കേരളത്തിലെ പാരിസ്ഥിതികാവസ്ഥയ്ക്ക് അനുയോജ്യമാകുന്നതും, മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങളെ സംസ്ഥാനത്തേയ്ക്ക് സ്വാഗതം ചെയ്യുന്നതിനും വ്യവസായ മേഖലയിൽ കൂടുതൽ ദേശീയ – അന്തർദേശീയ നിക്ഷേപങ്ങൾ ഉറപ്പാക്കുന്നതിനുമായി നിക്ഷേപകരെ ആകർഷിക്കുന്നതിന് അനുകൂലമായ ഒരു വ്യവസായ നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ വ്യവസായം ആരംഭിക്കുന്ന സംരംഭകർക്ക് ലൈസൻസുകളും അനുമതികളും സുഗമമായി ലഭ്യമാക്കുന്നതിലേയ്ക്കായി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്ന കെ-സ്വിഫ്റ്റ് ഓൺലൈൻ സംവിധാനം 11.02.2019 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻറ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെൻറ് ആക്റ്റ് 1999, ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികളും വ്യവസായ സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019 -ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.<br><br>2020 ജനുവരി 9,10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച 'അസെൻഡ് 2020' പരിപാടിയിലൂടെ കേരളം ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാണെന്ന് ബോധ്യപ്പെടുത്തുവാനും, അവതരിപ്പിക്കുവാനും സംസ്ഥാനത്തേയ്ക്ക് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമാക്കുവാനും സാധിച്ചിട്ടുണ്ട്. ഈ നിക്ഷേപസംഗമത്തിൽ ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപത്തിന് സംരംഭകർ തയ്യാറായിട്ടുണ്ട്. |
| (ബി) | ഈ പ്രവർത്തനങ്ങളുടെയും നിയമ നിർമ്മാണങ്ങളുടെയും ഫലമായി പുതിയ സംരംഭകരെ ആകർഷിക്കാൻ സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നല്കാമോ? | (ബി) | വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ നിയമ നിർമ്മാണങ്ങളിലൂടെ ലഘൂകരിക്കുക വഴി വ്യവസായം നടത്തുവാനുള്ള അനുകൂലമായ ഒരു സാഹചര്യം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. ഈ അനുകൂല സാഹചര്യങ്ങൾ ഉപയോഗിച്ച് കേരളത്തിൽ നിലവിലുള്ളതും പുതിയതുമായ സംരംഭകരെ ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. കെ-സ്വിഫ്റ്റ് പോർട്ടൽ വഴി ഇതിനകം 519 കോമൺ അപ്ലിക്കേഷൻ ഫോം സമർപ്പിച്ചതിൽ 481 അനുമതികൾ/ ലൈസൻസുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 251 അനുമതികൾ/ലൈസൻസുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ